ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 4-4-2005-ലെ സർക്കാർ ഉത്തരവ് നമ്പർ ജി. ഒ. (ആർ.റ്റി.) 861/05 ആഭ്യന്തരം അനുസരിച്ച് ശ്രീ. എം. ആർ. നന്ദകുമാർ എന്ന അസിസ്റ്റന്റ് കമാൻഡന്റിനെ നിയമിച്ചിട്ടുണ്ട്.

(സി) എസ്.സി.ആർ.ബി.-യിൽ കമ്പ്യൂട്ടർ മോഡ്യൂൾ ഡെവലപ്പ് ചെയ്യുന്നതിന് പരിചയം സിദ്ധിച്ച ഒരു ആഫീസറെ ആവശ്യമാണെന്ന് പോലീസ് ഇൻസ്പെക്ടർ ജനറൽ എസ്.സി.ആർ.ബി. ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ സയൻസിൽ ഡിഗ്രിയും നിരവധി കമ്പ്യൂട്ടർ കോഴ്സുകളിൽ പങ്കെടുത്തിട്ടുള്ള വ്യക്തിയുമായ ശ്രീ. എം. ആർ. നന്ദകുമാർ എന്ന അസിസ്റ്റന്റ് കമാന്റെന്റിനെ ഒരു വർഷത്തെ വർക്കിംഗ് അറേഞ്ച്മെന്റിൽ എസ്. സി. ആർ. ബി.-യിൽ അറ്റാച്ച് ചെയ്തിട്ടുണ്ട്.

(ഡി) ശ്രീ. എം. ആർ. നന്ദകുമാർ അസി. കമാന്റെന്റിനെ കോഴിക്കോട് റൂറൽ എ.ആറിൽ ജോയിൻ ചെയ്യിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

റൂട്ട്സ്-നോർക്ക എന്ന സ്ഥാപനത്തിന്റെ മൂലധനം

142 [1701] *ഡോ. തോമസ് ഐസക്ക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റൂട്ട്സ്-നോർക്ക എന്ന സ്ഥാപനം രജിസ്റ്റർ ചെയ്തിരിക്കുന്നത് ഏത് ആക്ടിന് കീഴിലാണ്. ഈ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ നമ്പർ, രജിസ്റ്റർ ചെയ്ത തീയതി എന്നിവ ലഭ്യമാക്കാമോ;

(ബി) ഈ സ്ഥാപനം ഏത് തീയതി മുതലാണ് പ്രവർത്തനം ആരംഭിച്ചതെന്നും സ്ഥാപനത്തിൽ സർക്കാരിനുള്ള ഓഹരികളുടെ മൂല്യം, ശതമാനം എന്നിവ എത്രയെന്നും വെളിപ്പെടുത്തുമോ;

(സി) ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി നിക്ഷേപിച്ച മൂലധനം എത്രയെന്നും അവ ഏതൊക്കെ സ്രോതസ്സുകളിലൂടെ എത്ര തുക വീതമാണ് സമാഹരിച്ചതെന്നും വിശദമാക്കുമോ;

(ഡി) സ്ഥാപനത്തിന്റെ മെമ്മോറാണ്ടം ഓഫ് അസ്സോസിയേഷന്റേയും, മെമ്മോറാണ്ടം ഓഫ് അണ്ടർ സ്റ്റാന്റിംഗിന്റെയും ഓരോ പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 1956-ലെ കമ്പനി നിയമത്തിന്റെ സെക്ഷൻ 25 പ്രകാരമാണ് നോർക്ക-റൂട്ട്സ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. 20-12-2002-ൽ U91990KL2002NPL015838 നമ്പർ പ്രകാരമാണ് രജിസ്ട്രേഷൻ ലഭിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) & (സി) രജിസ്ട്രേഷൻ ലഭിച്ച തീയതി 20-12-2002 മുതൽ നോർക്ക-റൂട്ട്സ് പ്രവർത്തനം ആരംഭിച്ചു. ഇതുവരെ 100 രൂപയുടെ 30003 ഓഹരികളാണ് ഇഷ്യൂ ചെയ്തിട്ടുള്ളത്. ഇതിൽ മൂന്ന് ഓഹരികൾ ചെയർമാൻ, ചീഫ് എക്സിക്യൂട്ടിവ്, നോർക്ക വകുപ്പ് സെക്രട്ടറി എന്നിവർക്കാണ് ഇഷ്യൂ ചെയ്തിരിക്കുന്നത്. 100 രൂപയുടെ 10,000 ഓഹരികൾ വീതം ഗവൺമെന്റിനും ശ്രീ എം. എ. യൂസഫലിക്കും അഡ്വ. സി. കെ. മേനോനും അനുവദിച്ചിട്ടുണ്ട്.

(ഡി) മെമ്മോറാണ്ടം ഓഫ് അസ്സോസിയേഷന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി വച്ചിരിക്കുന്നു. † നോർക്ക-റൂട്ട്സിന് മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് ഇല്ല.

സ്മാർട്ട് സിറ്റി പ്രോജക്ട്

143 [1703] *പ്രൊഫ. കെ. വി. തോമസ്:* താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി സ്മാർട്ട് സിറ്റി പ്രോജക്ട് നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ?

ഉത്തരം

സ്മാർട്ട് സിറ്റി പ്രോജക്ട് നടപ്പാക്കുന്നതിൽ തടസ്സമൊന്നുമില്ല. ഡി.ഐ.സി.യു. മായി ചർച്ചകൾ പുരോഗമിച്ച് വരുന്നു.

ഗതാഗതനിയമങ്ങൾ ലംഘിച്ചവർക്കെതിരെ കേസ്

144 [1704] *ശ്രീ. സാജുപോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2004-2005 വർഷത്തിൽ പോലീസ് നടത്തിയ വാഹന പരിശോധനയിലൂടെ വാഹനഗതാഗത നിയമങ്ങൾ ലംഘിച്ച എത്രപേർക്കെതിരെ കേസെടുത്തുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷത്തിൽ പിഴ ഇനത്തിൽ സർക്കാരിന് ലഭിച്ച തുക എത്രയാണ്;

(സി) കേസിൽ പ്രതിയാക്കപ്പെട്ടവരുടേയും ഈടാക്കിയ പിഴ സംഖ്യയുടേയും ജില്ലതിരിച്ചുള്ള (സിറ്റി റൂറൽ ഉൾപ്പെടെ) കണക്ക് അറിയിക്കാമോ?

ഉത്തരം

(എ) 9,58,901 പേർക്കെതിരെ കേസെടുത്തിട്ടുണ്ട്.

(ബി) 11,56,00,243 രൂപ പിഴ ഇനത്തിൽ ഈടാക്കിയിട്ടുണ്ട്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly